"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നതവിദ്യാഭ്യാസ വകുപ്പ് - കോമൺപൂൾ ലൈബ്രറി സർവ്വീസ് - ജീവനക്കാര്യം - പത്തനംതിട്ട ഇലന്തൂർ സർക്കാർ ആർട്സ് & സയൻസ് കോളേജിലെ ലൈബ്രേറിയൻ ഗ്രേഡ് IV ശ്രീ. ജയസൂര്യൻ ആർ-നെ കോമൺപൂൾ ലൈബ്രറി സർവ്വീസിൽ നിന്നും വിടുതൽ ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നതവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1640/2025/HEDN തീയതി,തിരുവനന്തപുരം, 30-12-2025

---

പരാമർശം:-

1. സ.ഉ.(കൈ) നം. 561/2025/HEDN തീയതി 29/07/2025.
2. സ്റ്റേറ്റ് സെൻട്രൽ ലൈബ്രേറിയന്റെ നടപടി ഉത്തരവ് നം. എ3/1285/2025/എസ്.സി.എൽ. തീയതി 06-12-2025.
3. ശ്രീ.ജയസൂര്യൻ ആർ. 11/12/2025 തീയതിയിൽ സമർപ്പിച്ച അപേക്ഷ.
4. പത്തനംതിട്ട ഇലന്തൂർ സർക്കാർ ആർട്സ് & സയൻസ് കോളേജ് പ്രിൻസിപ്പാളിന്റെ 11/12/2025, 19/12/2025 തീയതികളിലെ ELRPTA/42/2025-A നമ്പർ കത്തുകൾ.

**ഉത്തരവ്**

കേരള കോമൺപൂൾ ലൈബ്രറി സർവ്വീസിൽ പരാമർശം (1) ഉത്തരവ് പ്രകാരം പത്തനംതിട്ട ഇലന്തൂർ സർക്കാർ ആർട്സ് & സയൻസ് കോളേജിലെ ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയിൽ നിയമിതയായ ശ്രീ.ജയസൂര്യൻ ആർ.-ന് പരാമർശം (2) മുഖേന തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ ലൈബ്രേറിയൻ ഗ്രേഡ് III തസ്തികയിൽ കേരള പി.എസ്.സി വഴി നിയമനം ലഭിച്ചതിനാൽ ടിയാനെ കോമൺപൂൾ ലൈബ്രറി സർവ്വീസിൽ നിന്നും വിടുതൽ ചെയ്യുന്നതിന് അനുമതി നൽകണമെന്ന പത്തനംതിട്ട ഇലന്തൂർ സർക്കാർ ആർട്സ് & സയൻസ് കോളേജ് പ്രിൻസിപ്പാളിന്റെ പരാമർശം (4) കത്ത് മുഖേന പരാമർശം (3) അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള കോമൺപൂൾ ലൈബ്രറി സർവ്വീസിൽ പത്തനംതിട്ട ഇലന്തൂർ സർക്കാർ ആർട്സ് & സയൻസ് കോളേജിലെ ഗ്രേഡ് IV ലൈബ്രേറിയനായ ശ്രീ.ജയസൂര്യൻ ആർ.-ന് തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ ലൈബ്രേറിയൻ ഗ്രേഡ് III തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി കോമൺപൂൾ ലൈബ്രറി സർവ്വീസിലെ ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയിൽ നിന്നും വിടുതൽ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3) ഈ ഉത്തരവിന്റെ പകർപ്പ് ശ്രീ.ജയസൂര്യൻ ആർ.-ന്റെ സേവന പുസ്തകത്തിൽ പതിപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

HARILAL T N

ജോയിന്റ് സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പാൾ, സർക്കാർ ആർട്സ് & സയൻസ് കോളേജ്, ഇലന്തൂർ, പത്തനംതിട്ട.
ശ്രീ.ജയസൂര്യൻ ആർ., ലൈബ്രേറിയൻ ഗ്രേഡ് IV,
സർക്കാർ ആർട്സ് & സയൻസ് കോളേജ്, ഇലന്തൂർ, പത്തനംതിട്ട. (പ്രിൻസിപ്പാൾ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&.ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
www.highereducation.kerala.gov.in
കരുതൽ ഫയൽ [HEDN-A3/123/2025-HEDN].

ഉത്തരവിൻ പ്രകാരം
**Signed by Omkumar H S**
**Date: 30-12-2025 15:56:03**
സെക്ഷൻ ഓഫീസർ